# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 325 28/05/2019-ൽ മറുപടിക്ക്

## സ്വകാര്യ ക്ലിനിക്കൽ ലാബുകളുടെ നിലവാരം ഉറപ്പാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ. | സ്വകാര്യ ക്ലിനിക്കൽ ലാബുകൾക്ക് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥ പ്രകാരം നിലവാരവും യോഗ്യതയുമുള്ള ജീവനക്കാർ ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ. | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 അനുസരിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താല്ക്കാലിക രജിസ്ട്രേഷൻ ആണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. സ്ഥിരം രജിസ്ട്രേഷൻ രണ്ട് വർഷത്തിനുശേഷമേ ആരംഭിക്കുകയുള്ളൂ. ഈ കാലയളവിനുള്ളിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കാ-വശ്യമായ നിലവാര മാനദണ്ഡങ്ങളും ജീവനക്കാരുടെ യോഗ്യതകളും നിശ്ചയിക്കുകയും ഇവ ആർജ്ജിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ സ്ഥിരം രജിസ്ട്രേഷൻ നല്ക്കുകയുമുള്ളൂ. |
| ബി | പ്രസ്തുത വിഷയം സംബന്ധിച്ച് മനുഷ്യവകാശ കമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായ അതോറിറ്റി ഇത്തരം ലാബുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി. | മനുഷ്യാവകാശകമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ